**ഭരണഭാഷ-മാതൃഭാഷ**

**<u>സ്റ്റേഷനറി കൺട്രോളറുടെ നടപടി ഉത്തരവ്</u>**

വിഷയം:- സ്റ്റേഷനറി വകുപ്പ് -സ്ഥാപന വിഭാഗം - തിരുവനന്തപുരം മേഖല സ്റ്റേഷനറി ഓഫീസിലെ സ്റ്റോറുകൾ (സ്റ്റോർ i & സ്റ്റോർ ii ) ഒന്നിപ്പിക്കുന്നതു സംബന്ധിച്ച്

സൂചന:- തിരുവനന്തപുരം അസി. സ്റ്റേഷനറി കൺട്രോളറുടെ 09/03/2018 ലെ 4676/എ1/ 2017/ആർ.എസ്.റ്റി നമ്പർ കത്ത്

**<u>ഉത്തരവ് :-STY/457/2018-E2- 03/04/2018</u>**

തിരുവനന്തപുരം മേഖല സ്റ്റേഷനറി ഓഫീസിൽ നിന്നും സ്റ്റേഷനറി സാധനങ്ങൾ വിതരണം ചെയ്യുന്നത് രണ്ട് സ്റ്റോറുകൾ (സ്റ്റോർ I & സ്റ്റോർ II ) മുഖേന ആയതിനാൽ ഇ-മിസ്റ്റിൽ പറ്റുശീട്ടുകൾ പാസ്സാക്കി സേവ് ചെയ്യുമ്പോൾ പിശകുകൾ സംഭവിക്കാറുണ്ടെന്നും, മാത്രമല്ല രണ്ടു സ്റ്റോറുകളും രണ്ട് കെട്ടിടങ്ങളിൽ സ്ഥിതി ചെയ്യുന്നതിനാൽ സ്റ്റേഷനറി സാധനങ്ങൾ കൈപ്പറ്റാൻ വരുന്നവർ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ടെന്നും ആയതിനാൽ രണ്ടു സ്റ്റോറുകളും ഒന്നാക്കി മേഖല സ്റ്റേഷനറി ഓഫീസ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൽ ഉൾകൊള്ളിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് സൂചന പ്രകാരം തിരുവനന്തപുരം അസിസ്റ്റന്റ് സ്റ്റേഷനറി കൺട്രോളർ അഭ്യർഥിച്ചിരിക്കുന്നു. മേല്പറഞ്ഞ വസ്തുതകൾ പരിഗണിച്ച് 2018 -2019 സാമ്പത്തിക വർഷം മുതൽ തിരുവനന്തപുരം മേഖല സ്റ്റേഷനറി ഓഫീസിലെ സ്റ്റോർ I ഉം സ്റ്റോർ II ഉം ഒന്നാക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

സ്റ്റോർ 1 പ്രവർത്തിക്കുന്ന കെട്ടിടത്തിലേക്ക് സ്റ്റോർ 2 ഉം കൂടി മാറ്റി 2017-18 ലെ സ്റ്റോറുകളുടെ വാർഷിക സ്റ്റോക്കെടുപ്പ് കഴിഞ്ഞതിനുശേഷം തിരുവനന്തപുരെ മേഖല സ്റ്റേഷനറി സ്റ്റോർ എന്ന നിലയിൽ ഒറ്റ സ്റ്റോറായി പ്രവർത്തനം ആരംഭിക്കേണ്ടതാണ്. ടി സ്റ്റേോറിൽ സ്റ്റോർകീപ്പർക്ക് പുറമേ അസി.സ്റ്റോർകീപ്പറേയും നിയോഗിക്കാവുന്നതാണ്. സീനിയറായ ഉദ്യോഗസ്ഥനായിരിക്കണം സ്റ്റോർ കീപ്പർ. സ്റ്റോർകീപ്പർമാരുടെ ചുമതലകൾ സംബന്ധിച്ച് മാർഗ നിർദ്ദേശം പ്രത്യേകം നൽകേണ്ടതുമാണ്

Signature Not Verified

Digitally signed by SHYAMALAVALLI C
Date: 2018.04.03 16:53:08 IST
Reason: Approved

CONTROLLER OF STATIONE...

സ്വീകർത്താവ് ,

അസിസ്റ്റന്റ് സ്റ്റേഷനറി കൺട്രോളർ ,
മേഖല സ്റ്റേഷനറി ഓഫീസ്, തിരുവനന്തപുരം

പകർപ്പ് :

1. ഡെപ്യൂട്ടി സ്റ്റേഷനറി കൺട്രോളർ
2. എല്ലാ വിഭാഗം മേധാവികൾക്കും ,
3. ഐ.ടി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് 5) കൺട്രോളറുടെ സി.എ
5. നോട്ടീസ് ബോർഡിൽ പ്രദർ ശിപ്പിക്കുന്നതിന് 6) സ്റ്റോക്ക് ഫയൽ